രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നെൽക്കൃഷി നശിച്ച കർഷകർക്ക് ഹെക്ടറിന് 10,000 രൂപ നിരക്കിൽ 4,000 രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 6,000 രൂപ ക്രൈസിസ് മാനേജുമെന്റ് ഫണ്ടിൽനിന്നും നൽകുന്നതിനും പുതുതായി വിതയ്ക്കേണ്ടുന്ന കർഷകർക്ക് നിലമൊരുക്കുന്നതിന് ഹെക്ടറിന് 6,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനും 250 പാടശേഖരങ്ങളിൽ ബണ്ട് ഉറപ്പുചെയ്യുന്നതിനും വെള്ളപ്പൊക്ക സമയത്ത് കുട്ടനാട്ടിൽ അധികമായി വെള്ളം പമ്പ് ചെയ്യുന്നതിനായി പമ്പുസെറ്റ് ഉപയോഗിച്ചതിന് നൽകിയ വാടക നൽകുന്നതിനുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 18.66 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിൽ 10.58 കോടി രൂപ റവന്യൂ വകുപ്പുവഴിയും 8.08 കോടി രൂപ കൃഷി വകുപ്പു വഴിയും നൽകുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2,142 ഹെക്ടറിലെ പുഞ്ചവിത പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് വീണ്ടും വിതയ്ക്കുന്നതിന് 186.8 ടൺ നെൽവിത്ത് സംസ്ഥാന വിത്തുവികസന അതോറിറ്റിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. പുനർകൃഷി ഇറക്കുന്നതിനായി ബണ്ട് റിപ്പയർ ചെയ്യുന്നതിന്റെ അടിയന്തരസ്വഭാവം പരിഗണിച്ച് പാടശേഖരങ്ങളിലെ എസ്റ്റിമേറ്റെടുത്ത് പണികളാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാക്രോ മാനേജുമെന്റ് പദ്ധതിയിലുൾപ്പെടുത്തി ഈ പണികളാരംഭിച്ചിട്ടുണ്ട്. കൃഷിനാശം തടയുന്നതിന് കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. തണ്ണീർമുക്കം ബണ്ട് നവീകരിക്കുന്നതിലൂടെ പരിസ്ഥിതിനാശം ലഘൂകരിക്കാനും ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി, തോട്ടപ്പിള്ളി സ്പിൽവേയുടേയും പ്രധാന ചാനലുകളുടേയും കാര്യക്ഷമത വർദ്ധിപ്പിക്കൽ, സി. ആന്റ് ഡി., റാണി, ചിത്തിര കായൽ മേഖലകളിലെ വെള്ളപ്പൊക്ക നിയന്ത്രണം, എ.സി. കനാൽ നിർമ്മാണം, കരിയാറിന് കുറുകെ കോട്ടച്ചിറയിൽ 33 സ്ഥിരം ഓരുമുട്ടുകൾ സ്ഥാപിക്കൽ, പുറംബണ്ട് നിർമ്മാണം ബലപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾ ഇതിലുൾപ്പെടുന്നു.

(6) ഗുരുവായൂർ പ്രദേശത്തെ മോഷണശ്രമങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഗുരുവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കഴിഞ്ഞ രണ്ട് മാസത്തിലേറെയായി നിരവധി മോഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ കവർച്ചാശ്രമങ്ങളുമുണ്ടായി. പോലീസ് നടപടികൾ സ്വീകരിക്കുന്നില്ലായെന്നല്ല, പല കേസ്സുകളിലും പ്രതികളെ കിട്ടുന്നില്ല. ഓരോ ദിവസവും ധാരാളം ആളുകൾ വന്നുപോകുന്ന ഒരു തീർത്ഥാടനകേന്ദ്രം എന്നുള്ള നിലയിൽ പോലീസിന്റെ പ്രത്യേക സംവിധാനം അവിടെ ഉണ്ടാക്കേണ്ടതുണ്ട്. പ്രത്യേക സുരക്ഷ ആവശ്യമുള്ള ഗുരുവായൂർ ക്ഷേത്രവും സ്ഥിതി ചെയ്യുന്ന സ്ഥലമാണത്. പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ഡി.ജി.പി.യുമൊക്കെ പങ്കെടുത്തുകൊണ്ട് ഒരു യോഗം ചേരുകയുണ്ടായി. നിലവിലുള്ള പോലീസ് സേനയുടെ എണ്ണംവച്ച് ഈ കാര്യങ്ങളെല്ലാം നിർവ്വഹിക്കാൻ കഴിയുകയില്ലായെന്ന് ആ യോഗത്തിൽ അഭിപ്രായം ഉയർന്നുവരികയുണ്ടായി. അതനുസരിച്ച് ഗുരുവായൂർ സ്റ്റേഷനിലെ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ആ യോഗത്തിൽ ധാരണയാകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അത് പ്രായോഗികമായി നടപ്പിലാക്കപ്പെട്ടിട്ടില്ല. ഗുരുവായൂരിൽ വർദ്ധിച്ചുവരുന്ന മോഷണങ്ങളേയും കവർച്ചകളേയും ഫലപ്രദമായി തടയുന്നതിനാവശ്യമായ വിധത്തിൽ പോലീസ് സേനയുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. അവിടെ പ്രത്യേകമായ ഒരു സംവിധാനം ഇതിനുവേണ്ടി ഉണ്ടാക്കണമെന്ന ആവശ്യമാണ് ഉന്നയിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഗുരുവായൂരിൽ ഉണ്ടായ മോഷണങ്ങളുമായി ബന്ധപ്പെട്ട് മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ രണ്ട് കേസ്സുകളിലെ പ്രതികളെ കണ്ടെത്തി പിടികൂടുന്നതിനും മറ്റും പോലീസ് ശാസ്ത്രീയമായിട്ടുള്ള അന്വേഷണങ്ങൾ നല്ല രീതിയിൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവിടെ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം സംബന്ധിച്ച് പ്രത്യേകം പരിശോധിക്കുന്നതാണ്. ഗുരുവായൂരിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന വച്ചുകൊണ്ടുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിക്കുന്നത്. റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകൾ പിടികൂടുന്നതിനുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്താൻ എസ്.പി.ക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

(7) റീ-സർവ്വേ

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ റീ-സർവ്വേ പൂർത്തിയായില്ലായെന്ന കാരണത്താൽ 12,154 കൃഷിക്കാരുടെ കൃഷിഭൂമിക്ക് റവന്യൂ ഉദ്യോഗസ്ഥർ പട്ടയത്തിന്റെമേൽ കരം സ്വീകരിക്കാതിരിക്കുകയാണ്. ഇന്നത്തെ നിലയിൽ റീ-സർവ്വേ പൂർത്തിയാകണമെങ്കിൽ മൂന്ന് വർഷമെങ്കിലും വേണ്ടിവരുമെന്നാണ് ഉദ്യോഗസ്ഥരിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതിനർത്ഥം കരം സ്വീകരിക്കാൻ ഇനിയും മൂന്നുവർഷം കൃഷിക്കാർ കാത്തിരിക്കേണ്ടി വരുമെന്നാണ്. കരം സ്വീകരിക്കാത്തതിനെതുടർന്ന് ബാങ്കുകളിൽനിന്ന് കാർഷിക വായ്പയടക്കമുള്ള വായ്പകളെടുക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല കഴിഞ്ഞ കാലങ്ങളിലെടുത്ത വായ്പകൾ പുതുക്കിതിരിച്ച് വായ്പയെടുക്കാനും കഴിയാത്ത സ്ഥിതിയുണ്ട്. റീ-സർവ്വേ പൂർത്തിയാകാത്തത് കൃഷിക്കാരുടെ എന്തെങ്കിലും കുഴപ്പംകൊണ്ടല്ല. അപ്പോൾ ചെയ്യാത്ത കുറ്റത്തിന് കൃഷിക്കാർ ഇന്ന് ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റിന്റെ കുറ്റംകൊണ്ട് റീ-സർവ്വേ പൂർത്തിയാകാതിരിക്കുന്നതിനുള്ള ശിക്ഷ അനുഭവിക്കുന്ന കൃഷിക്കാരെ ഇതിൽനിന്ന് സംരക്ഷിക്കുന്നതിന് അടിയന്തരമായി ഗവൺമെന്റ് ഒരു പ്രത്യേക ഉത്തരവിറക്കി നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനാണ് ഈ സബ്മിഷൻ.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ആകെ 23 വില്ലേജുകളുള്ള ഉടുമ്പൻചോല താലൂക്കിൽ എട്ട് വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാക്കിയ റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 13 വില്ലേജുകളിലെ റീ-സർവ്വേ ഫീൽഡ് ജോലി പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly